(ബി) അങ്കമാലി-മൂവാറ്റുപുഴ റോഡിൽപ്പെട്ട വല്ലം പാലത്തിന്റെ പണികൾ നടത്തുന്നതിന് ഈ പാലം വഴിയുള്ള ഗതാഗതം തിരിച്ചു വിടേണ്ടത് അനിവാര്യ മായിരുന്നു. ആയതിനാൽ ഗതാഗതം തിരിച്ചുവിട്ടവർക്കെതിരെ നടപടി എടുക്കേണ്ട ആവശ്യകതയില്ല.

(സി) പുനരുദ്ധാരണ പണികളോടൊപ്പം അറ്റകുറ്റപ്പണികൾ നടത്തുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) വല്ലം പാലത്തിന്റെ പണി പൂർത്തിയായി ഗതാഗതത്തിനു തുറന്നു കൊടുത്തിട്ടുണ്ട്. നിർമ്മാണ ജോലികൾ കരാർ കാലാവധിയായ രണ്ട് വർഷത്തി നുള്ളിൽ പൂർത്തിയാകുംവിധം പുരോഗമിച്ചുവരുന്നു.

(ജി) രായമംഗലം ഐരാപുരം വില്ലേജുകളിലെ ഭൂമി പൊന്നുംവില അവാർഡ് സ്റ്റേജിലാണ്. മറ്റ് വില്ലേജുകളിലെ സ്ഥലമെടുപ്പ് നടപടികൾ ആറുമാസ ത്തിനകം പൂർത്തിയാകുംവിധം പുരോഗിച്ചു വരുന്നു.

(എച്ച്) ഗതാഗതം വഴി തിരിച്ചുവിടുന്നതിന് കരാറുകാരൻ പ്രോജക്ട് അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയിരുന്നു.

(ഐ) ഗതാഗതം തിരിച്ചുവിട്ടതുമൂലം തകരാറിലായ റോഡ് പുനരുദ്ധരിക്കു ന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഓച്ചിറ-താമരക്കുളം റോഡ് പുനർനിർമ്മാണം

55 [3228] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ-താമരക്കുളം റോഡ് (0/00 മുതൽ 3/240) പുനർനിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ റോഡിന്റെ പുനർനിർമ്മാണത്തിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിലെ റോഡുകൾ

56 [3229] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ നിലവിലുള്ള റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് 2003-2004 വർഷത്തിൽ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതെന്നും ഇതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും അറിയിക്കാമോ;

(സി) മണ്ഡലത്തിൽ ഉൾപ്പെടുന്ന മേജർ ഡിസ്ട്രിക്ട് റോഡ്, വില്ലേജ് റോഡ് എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക്ട് റോഡുകൾ, മറ്റു ജില്ലാ റോഡുകൾ എന്നിവയിൽ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഇതിനായി 47 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) മേജർ ഡിസ്ട്രിക്ട് റോഡ്, വില്ലേജ് റോഡ് എന്നിവ സംബന്ധിച്ച വിവരങ്ങൾ (എ) ചോദ്യത്തിനുള്ള മറുപടിയിലെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണവം-കണ്ണങ്കോട് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

57 [3230] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം-കണ്ണങ്കോട് പി.ഡബ്ല്യു.ഡി. റോഡ് ഗതാഗതയോഗ്യമല്ലാതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് കുടുതൽ കൾവർട്ടുകൾ പണിയുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഏകദേശം ഏഴോളം കൾവർട്ടുകൾ പുതുതായി നിർമ്മിക്കേണ്ടിയിരിക്കുന്ന ഈ റോഡ് പുതുക്കി പണിയാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത റോഡ് ഗതാഗതയോഗ്യമാണ്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടുതൽ കൾവർട്ടുകൾ പണിയുവാൻ നടപടി സ്വീകരിക്കുന്നതാണ്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56 (3229) സദയം കാണുക]

നാദാപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ പേരുവിവരം

A. സ്റ്റേറ്റ് ഹൈവേ [SH]

(1) പുതിയങ്ങാടി ഉള്ളേരി ചൊവ്വാ ബൈപാസ് റോഡിന്റെ കി.മി. 44/160 മുതൽ 66/480 വരെയുള്ള ഭാഗം.

B. മേജർ ഡിസ്ട്രിക്ട് റോഡുകൾ [MDR]

(1) കല്ലാച്ചി വിലങ്ങാട് റോഡ് 0/0 മുതൽ 14/930 വരെ.

(2) മുള്ളൻകുന്ന് കുണ്ടുതോട് പി.ടി. ചാക്കോ നഗർ റോഡ് 0/0 മുതൽ 6/720 വരെ

(3) പൂതംപാറ ചുരുനി പക്രംതാളം റോഡ്.

C. മറ്റ് ജില്ലാതല റോഡുകൾ [ODR]

(1) കുറ്റ്യാടി മുള്ളംകുന്ന് റോഡ്.

(2) മുള്ളംകുന്ന് പശുക്കടവ് റോഡ്.

(3) തൊട്ടിൽപാലം കുണ്ടുതോട് റോഡ്.

(4) തൊട്ടിൽപാലം മുള്ളംകുന്ന് റോഡ്.

(5) പേരോട് പാറക്കടവ് റോഡ്.

(6) പാറക്കടവ് കടവത്തൂർ റോഡ്.

(7) എടച്ചേരി ഇരിങ്ങണ്ണൂർ റോഡ്

(8) പുറമേരി വെട്ടുമൺ റോഡ്

(9) മുള്ളംകുന്ന് ചെമ്പനോട് റോഡ്.

(10) വളയം കുറുവന്തേരി ചെക്കിയാട് ചെറ്റക്കണ്ടി റോഡ്.

D. വില്ലേജ് റോഡുകൾ [VR]

(1) ചാത്തംകോട്ടുനട മിറ്റത്തിപ്ലാവ് പശുക്കടവ് റോഡ്.

(2) മൂന്നാംകൈ കരിങ്ങാട് കൈവേലി റോഡ്.

(3) കുളങ്ങരോത്ത് നമ്പിത്താൻകുണ്ട് കുമ്പള വാലൂർ വിളങ്ങാട് റോഡ്.

(4) മൊകേരി-കായക്കൊടി-പാലൊളി-തൊട്ടിൽപാലം റോഡ്.

(5) കുറ്റ്യാടി-വളക്കെട്ട് കൈപ്രംകടവ് റോഡ്

(6) പാറക്കടവ് പുളിയാവിൽ ജാതേരി റോഡ്.

(7) മരുവഞ്ചേരി-തളിക്കര റോഡ്.

(8) വട്ടോളി-പാതിരപ്പറ്റ റോഡ്.

(9) പള്ളിയത്ത്-പെരുവയൽ റോഡ്.

(10) മടത്തിൽ താഴെ കോടഞ്ചേരി പോസ്റ്റ് ഓഫീസ് റോഡ്.

LIBRARY ARCHIVES Kerala Legislative Assembly